# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## <u>2003 ജൂലായ് 14-ാം തീയതി തിങ്കളാഴ്ച</u>

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -24)


500) ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ
501) പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി
502) ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊുവരുന്നതിന് നടപടി
503) അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നടപടി
504) ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി
505) ഭൂമിക്ക് ബെറ്റർമെന്റ് ലെവി ചുമത്തൽ
506) എല്ലാ ഭവനരഹിതർക്കും വീട് ലഭിക്കുന്നതിന് നടപടി
507) വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ
508)ഗൾഫ് മലയാളികളുടെ തൊഴിൽപ്രശ്നങ്ങൾ
509)ന്യൂനപക്ഷ സമുദായ ക്ഷേമ പദ്ധതികൾ
510)റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ
511)റോഡ് ഫണ്ട് ഉപയോഗിച്ചുള്ള വികസനം
512)സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം
513)സ്വാശ്രയ മെഡിക്കൽ കേളേജുകളിലെ പ്രവേശനത്തിന് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി
514)എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ
515)അവശ വിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് വായ്പ
516)ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ
517)പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി
518)വെള്ളപ്പൊക്ക, വരൾച്ചാ ദുരിതാശ്വാസ പദ്ധതിത്തുകയുടെ വിനിയോഗം
519)വില്ലേജാഫീസുകളുടെ പ്രവർത്തനം
520)കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതി
521)ചലച്ചിത്ര നിർമ്മാണം വികസിപ്പിക്കുന്നതിന് നടപടികൾ
522)ലീഗൽ സർവീസസ് അതോറിറ്റി
523)താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടന


### <u>ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ</u>

*500. ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് ഏതെല്ലാം ഗണത്തിൽപ്പെട്ടവർക്ക് വീടു വയ്ക്കുന്നതിനുള്ള വായ്പ ലഭിക്കും;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ വായ്പ നൽകുന്നത് ?

**<u>ഉത്തരം</u>**
**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):**

(എ) റവന്യൂ വകുപ്പും ഭവന നിർമാമണ വകുപ്പും വഴി നടപ്പിലാക്കുന്ന ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ ഗ്രാമവികസന വകുപ്പു മുഖേന കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 'ഇന്ദിരാ ആവാസ് യോജന' എന്ന ഗ്രാമീണ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി& (സി) യഥാക്രമം 1959-62-ലും, 1979-81 കാലഘട്ടത്തിലും തുടങ്ങിയ ഈ രണ്ടു സ്കീമുകളും ഇപ്പോൾ നിലവിലില്ലാത്തതിനാൽ വായ്പ നൽകുന്നില്ല. സ്വന്തമായി ഭൂമിയുള്ളവരും വാർഷിക വരുമാനം 4,000 രൂപയിൽ കവിയാത്തവരുമായ ഗ്രാമീണ തൊഴിലാളികൾക്ക് റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പ്രകാരം വായ്പ നൽകിയിരുന്നു. വീടിന്റെ എസ്റ്റിമേറ്റ് 8000 രൂപയിൽ കവിയുന്ന അപേക്ഷകർക്ക് ഗ്രാമീണ തൊഴിലാളി ഭവന പദ്ധതിയിൽ ധനസഹായം നൽകിയിരുന്നില്ല. കൂടാതെ വായ്പ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ വീട് പൂർത്തിയാക്കണമെന്നും വ്യവസ്ഥ

ചെയ്തിരുന്നു. വില്ലേജ് ഹൗസിംഗ് സ്കീം പ്രകാരമുള്ള വായ്പ, വാർഷിക വരുമാനം 2500 രൂപയിൽ കവിയാത്തവർക്കാണ് തുടക്കത്തിൽ നൽകിവന്നിരുന്നത്.

## പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി

*501. ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിനു നൽകുന്ന പൊതുവസ്തു വകകളുടെ വാടക എത്ര വർഷം കൂടുമ്പോഴാണ് പുതുക്കുന്നതെന്നും ഇത് സംബന്ധിച്ച മാനദണ്ഡങ്ങളെന്തെന്നും വിശദമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ പൊതു വസ്തുവകകളുടെ വാടക പുതുക്കിയത് എന്നാണ് ;

(സി) വർഷങ്ങളായി പുതുക്കാതിരിക്കുന്ന പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) പാട്ട നിരക്ക് പുതുക്കുവാൻ കാലപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ നഗരപ്രദേശത്ത് മൂന്നു വർഷത്തിലൊരിക്കൽ പാട്ടം പുതുക്കേണ്ടതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ 18(1) അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമപ്രദേശങ്ങളിലെ ഭൂമി പാട്ടത്തിന് നൽകുന്നത്. മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 1995-ൽ പുറപ്പെടുവിച്ച ചട്ടങ്ങൾ അടിസ്ഥാനമാക്കി പാട്ടത്തിനു നൽകിവരുന്നു.

(ബി) 19.12.1985-ലെ ജി.ഒ.(എം.എസ്)1026/85/ആർ.സി.പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും, ജി.ഒ.(എം.എസ്.) 566/95/ആർ.ഡി.13..1..1995 പ്രകാരം മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലും സർകമ്കാർ ഭൂമിയുടെ പാട്ടത്തിനു നിശ്ചയിച്ചു.

(സി) പാട്ടത്തിനു കൊടുത്തിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടനിരക്ക് യുക്താധിഷ്ഠിതമായി പുതുക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി

*502. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിലേതുപോലെ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത് നടപ്പിലാക്കുവാനുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും എന്താണെന്ന് വിശദമാക്കാമോ;

(സി) 2002-2003 വർഷത്തെ ഹയർ സെക്കന്ററി പരീക്ഷ നടത്തിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിനെയാണോ ഏൽപ്പിച്ചിരുന്നത്;

(ഡി) പ്രസ്തുത പരീക്ഷാ നടത്തിപ്പിൽ 2001-2002-ൽ ഉണ്ടായതുപോലെ അപാകതകളും പരാതികളും ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തികലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) സംസ്ഥാന സർക്കാരിന് വൻ സാമ്പത്തികലാഭവും ഹയർ സെക്കന്ററി അദ്ധ്യാപക അനദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവനവും ലഭിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)** :

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശവും പരിഗണനയിലില്ലാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.
(സി) പൂർണ്ണമായും ഏൽപ്പിച്ചിരുന്നില്ല.
(ഡി) അപാകതകളും പരാതികളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ഇ) ഇതു സംബന്ധിച്ച് കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.
(എഫ്) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

## അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നടപടി

*503. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക സംഘടനകളുടെ പ്രവർത്തനം നിരോധിക്കുന്നതിന് സ്വകാര്യ കോളേജ് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും, ജീവനക്കാരുടെയും സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നതിന് സ്വകാര്യ മാനേജ്മെന്റുകൾ എടുക്കുന്ന നടപടികൾ വിദ്യാഭ്യാസരംഗത്തെ കലുഷിതമാക്കാതിരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ബി) ഉദിക്കുന്നില്ല.

(സി) കോളേജ് കോമ്പസ്സിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഒരു വിധി അടുത്തകാലത്ത് ബഹു: ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിക്കെതിരെ വിദ്യാർത്ഥി സംഘടനകൾ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും അത് കോടതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

## ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി

*504. ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;
(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാം ;
(സി) ടൗൺഷിപ്പുകൾ നിർമ്മിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;
(ഡി) ഇവ നിർമ്മിക്കുന്നതിന് എന്തു ചെലവുണ്ടാകുമെന്ന് കരുതുന്നു ;
(ഇ) ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരത്ത് ആക്കുളത്തും കൊച്ചിയിൽ മറൈൻഡ്രൈവിന് സമീപത്തും ടൗൺഷിപ്പുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

,(സി) ആക്കുളം ടൗൺഷിപ്പ് പദ്ധതിയുടെ സർവ്വേ ജോലികളും, ലേ ഔട്ടും പ്ളാനുകളും തയ്യാറാക്കലും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്. ആക്കുളത്ത് 35.46 ഏക്കർ സർക്കാർ വക ഭൂമി ഭവനനിർമ്മാണ ബോർഡിന് മുൻകൂർ കൈവശാവകാശം നൽകിയിട്ടുള്ളതിന്റെ അസ്സൈൻമെന്റ് നടപടികൾ പൂർത്തിയായിവരുന്നു. കൊച്ചി മറൈൻഡ്രൈവിന് സമീപത്ത് എക്കോ ടൗൺഷിപ്പിന് 22 ഏക്കർ സർക്കാർ വക ഭൂമി ബോർഡിന് അസൈൻ ചെയ്ത് നൽകിയിട്ടുണ്ട്. സർവ്വേ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ആക്കുളം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾക്കായി ഏകദേശം 13 കോടി രൂപ വേണ്ടിവരും. എന്നാൽ എക്കോ ടൗൺഷിപ്പിനുവേണ്ടി വരുന്ന ചെലവ് ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ഇ) ആക്കുളം പദ്ധതിക്കാവശ്യമായ തുക ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കാൻ ഉദ്ദേശിക്കുന്നു. കൊച്ചി എക്കോ ടൗൺഷിപ്പ് പദ്ധതി ഹഡ്കോയുമായി ചേർന്ന് സംയുക്ത സംരംഭമായോ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ചോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## ഭൂമിക്ക് ബെറ്റർമെന്റ് ലെവി ചുമത്തൽ

*505. ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം.എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ കേന്ദ്രങ്ങലിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും മിനി ടൗൺഷിപ്പുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രധാന കേന്ദ്രങ്ങളിലാണ് മിനി ടൗൺഷിപ്പുകൾ നിർമ്മിക്കേണ്ടതെന്ന് തീരുമാനിച്ചുവോ ;

(സി) സംസ്ഥാനത്ത് ടൗൺഷിപ്പുകളും മിനി ടൗൺഷിപ്പുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാനുദ്ദേശ്യമുണ്ടോ ;

(ഡി) ടൗൺഷിപ്പുകളും മിനി ടൗൺഷിപ്പുകളും രൂപീകരിക്കപ്പെടുമ്പോൾ അവിടെയുള്ള ഭൂമിക്ക് വില കൂടുകയും പ്രാധാന്യം കൈവരുകയും ചെയ്യുന്നതനുസരിച്ച് ബെറ്റർമെന്റ് ലെവി ചുമത്താൻ ഉദ്ദേശമുണ്ടോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ)& (ബി) സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഏകദേശം 15 ഏക്കർ ഭൂമി വീതം വിലയ്ക്കുവാങ്ങി ആവശ്യമായ വികസന പ്രവർത്തനങ്ങൾ ചെയ്ത് മിനി ടൗൺഷിപ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(സി) & (ഡി) ഇപ്പോൾ പരിഗണനയിലില്ല.

## എല്ലാ ഭവനരഹിതർക്കും വീട് ലഭിക്കുന്നതിന് നടപടി

*506. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ.പി. അനിൽകുമാർ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഭവന രഹിതർക്കും സ്വന്തം വീടുകൾ ലഭിക്കുന്നതിനായി ഇനി എത്ര വീടുകൾ കൂടി നിർമ്മിക്കേണ്ടതുണ്ട് ;

(ബി) ഇതിനായി വീടുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(സി) ആയതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ;

(ഡി) ഓരോ വർഷവും എത്ര വീടുകൾ വീതം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) ഏകദേശം 5.13 ലക്ഷം വിടുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി)കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാരും മറ്റ് ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങൾക്കായി 40533 വീടുകളും ഇതര വരുമാന വിഭാഗങ്ങൾക്കായി 4048 വീടുകളും നിർമ്മിച്ച് നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ..

(ഡി) വിവിധ ഭവന നിർമ്മാണ ഏജൻസികൾ മുഖേന 2003-2004 സാമ്പത്തിക വർഷത്തിൽ 1,12,063 വീടുകൾക്ക് ധനസഹായം നൽകാനാണുദ്ദേശിക്കുന്നത്.

## വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ

*507. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്ക്കരണം ലക്ഷ്യമാക്കി വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് കമ്മീഷൻ അംഗങ്ങൾ ;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ പരിഷ്ക്കരണവും കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നുണ്ടോ ;

(ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ വളർച്ച, വിദ്യാഭ്യാസം സാധാരണക്കാർക്കും പാവപ്പെട്ടവർക്കും എത്രമാത്രം പ്രയോജനപ്പെടുന്നു എന്നീ കാര്യങ്ങൾകൂടി കമ്മീഷന്റെ പഠന പരിധിയിൽ ഉൾപ്പെടുത്തുമോ ;

(ഇ) അൺ എയിഡഡ് സ്കൂളുകൾ നിയന്ത്രണമില്ലാതെ വളർന്നത് സർക്കാർ/എയിഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങളെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്ന് പഠനവിധേയമാക്കാമോ

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങള്ഡ സമർപ്പിക്കുന്നതിനും മറ്റുമായി ശ്രീ. യു.ആർ. അനന്തമൂർത്തി ചെയർമാനും, താഴെപ്പറയുന്നവർ അംഗങ്ങളുമായി ഒരു സ്കൂൾ വിദ്യാഭ്യാസ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

1. ഡോ. എ,. സുകുമാരൻ നായർ
2. ഡോ. ഡി. ബാബു പോൾ
3. പ്രൊഫ. എൻ. പുരുഷോത്തമൻ
4. പ്രൊഫ. കെ.എം. ബഫാവുദിൻ

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇല്ല.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ) കമ്മീഷന്റെ പഠന വിഷയങ്ങളിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

## <u>ഗൾഫ് മലയാളികളുടെ തൊഴിൽപ്രശ്നങ്ങൾ</u>

508. ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗൾഫ് മലയാളികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

((സി) ഗൾഫിലെ തൊഴിൽപ്രശ്ന പരിഹാരത്തിന് പ്രത്യേക കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗൾഫ് അധികാരികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) തൊഴിൽ കരാറുകൾ ഒപ്പിടുന്നതു ഇനഡ്യൻ സ്ഥാനപതി കാര്യാലയം വഴി ആയിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെക്കീക്കുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം:</u>**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും : ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികളെ സംബന്ധിക്കുന്ന പൊതുവായ തൊഴിൽ പ്രശ്നങ്ങൾ ഒന്നുംതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തൊഴിലാളികളും തൊഴിൽദായകരും തമ്മിൽ ഉണ്ടാകുന്ന ചുരുക്കം ചിലകേസുകൾ പരിഹരിക്കുവാൻ സർക്കാർ സഹായം ആവശ്യപ്പെട്ടുകൊണ്ട് ചില നിവേദനങ്ങൾ വ്യക്തികളിൽ നിന്നും ലഭിക്കാറുണ്ട്. പ്രസ്തുത നിവേദനങ്ങൾ പരിശോധിക്കുകയും അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

(സി) യും(ഡി) യും : ഗൾഫിലെ തൊഴിൽ പ്രശ്ന പരിഹാരത്തിന് പ്രത്യേക കോടതി സ്ഥാപിക്കണമെന്ന ആവശ്യം സരക്കാർ തലത്തിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ തൊഴിലാളികൾക്ക് ഉണ്ടാകുന്ന തൊഴിൽപ്രശ്നങ്ങളുടെ സത്വര പരിഹാരത്തിന് വേണ്ടി ഓരോ

ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിലും ഓരോ ലീഗൽ അറ്റാഷേയെ (ഘലഴമഹ അമേേരവല) നിയമിക്കേണ്ടതാണെന്ന് വിദേശകാര്യമന്ത്രിക്ക് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) യും (എഫ്) ഉം (ജി)യും : തൊഴിൽ കരാറുകൾ ഒപ്പിടുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ വ്യതിയാനം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രവാസികാര്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ ഉന്നതതല സംഘം 2003 ഏപ്രിൽമാസം ഗൾഫ് രാജ്യങ്ങളിൽ നടത്തിയ പര്യടനവേളയിൽ ഗൾഫ് മലയാളികളുടെ പല പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നോർക്കാ വകുപ്പുമന്ത്രി, കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി, വ്യോമയാന വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി എന്നിവരെ നേരിട്ട് കാണുകയും പ്രശ്നങ്ങളെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയും അവ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

## ന്യൂനപക്ഷ സമുദായ ക്ഷേമ പദ്ധതികൾ

509. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ സമുദായ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പുതിയതായി ഏതെങ്കിലും സമുദായത്തെ ന്യൂനപക്ഷ സമുദായത്തിന്റെ പട്ടികയില ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(ഇ) ന്യൂനപക്ഷ സമുദായങ്ങളുടെ സംരക്ഷണം ലഭിക്കുന്ന സംസ്ഥാനത്തെ സമുദായങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(എഫ്) ഇവർക്ക് നിലവിൽ എന്തെല്ലാം സംരക്ഷണവും ആനുകൂല്യവും ലഭ്യമാക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം:**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

(എ) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിഭാഗങ്ങൾക്ക്, കേരള സംസ്താന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മത്സ്യവിഭവ വികസന സഹകരണ ഫേഡറേഷൻ (മത്സ്യഫെഡ്) എന്നീ സ്ഥാപനങ്ങൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ, സന്നദ്ധ സംഘടനകൾ വഴിയുള്ള സ്വയം തൊഴിൽ വായ്പകൾ വിദ്യാഭ്യാസ വായ്പകൾ എന്നിവ നൽകി വരുന്നു.

(ബി) യും (സി)യും (ഡി) യും : സമുദായങ്ങളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്ര സർക്കാരാണ്. അയതിനാൽ ഇക്കാര്യത്തിൽ അനുവർത്തിച്ചുവരുന്ന മാനദണ്ഡം സംബന്ധിച്ച പഠനം നടത്തുന്നതു സംബന്ധിച്ചോ സംസ്ഥാന സർക്കാരിന് വിവരമൊന്നും ലഭിച്ചിട്ടില്ല.

(ഇ) ദേശീയ തലത്തിൽ തയ്യാറാക്കുന്ന ന്യൂനപക്ഷ സമുദായ്ങ്ങളുടെ പട്ടിക എല്ലാസംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണ്. ഇതനുസരിച്ച് ക്രിസ്ത്യൻ, മുസ്ളിം, ബുദ്ധ, സിക്ക്, പാർസി വിഭാഗങ്ങൾക്കാണ് ന്യൂനപക്ഷ പദവി അനുവദിച്ചിട്ടുള്ളത്.

(എഫ്) ഇവർക്ക് ഇൻഡ്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 30(1) ഉറപ്പുനൽകുന്ന എല്ലാ സംരക്ഷണവും, പരിരക്ഷയും സംസ്ഥാനത്തും ലഭ്യമാണ്. കൂടാതെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്ഫറേഷൻ, മത്സ്യഫെഡ് എന്നീ സ്താപനങ്ങൾവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പകൾ, സന്നദ്ധ സംഘടനകൾ വഴിയുള്ള സ്വയം തൊഴിൽ വായ്പകൾ വിദ്യാഭ്യാസ വായ്പകൾ എന്നിവ നൽകി വരുന്നു.

## റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

510. ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ രൂപീകൃതമായശേഷം ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:**

**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും തമ്മിലുള്ള ഒരു ഉഭയകക്ഷി കരാർ പ്രകാരം അപ്രോച്ചുറോഡുൾപ്പെടെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ ജോലി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളില നിന്നു് വായ്പയെടുത്താണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) 23 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണജോലികളും 27 മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പ്രരംഭ ജോലികളും നടന്നുവരുന്നു;

(സി) 1. കൊച്ചിയിലെ ഇരുമ്പനം റെയിൽവേമേൽപ്പാലം

2. എയർപോർട്ട്-സീപോർട്ട് ഹൈവേയുടെ ഒന്നാംഘട്ട നിർമ്മാണം.

(ഡി) നൂതന സങ്കേതങ്ങൾ അവംലബിച്ചുകൊണ്ടുള്ള പദ്ധതി രൂപീകരണം ഗുണനിലവാരത്തിലും നിർവ്വഹണവേഗതയിലും അധിഷ്ഠിതമായ കരാറേർപ്പാടുകൾ എന്നിവ വഴി കോർപ്പറേഷൻ മെച്ചപ്പെട്ട കാര്യ നിർവ്വഹണ ശേഷി ആദ്യംമുതലേ സ്വായത്തമാക്കിയിട്ടുണ്ട്.

## <u>റോഡ് ഫണ്ട് ഉപയോഗിച്ചുള്ള വികസനം</u>

511. ശ്രീ. എം. വി. ജയരാജൻ
ശ്രീ. ടി.പി. രാമകൃഷ്ണൻ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. വി.കെ. ചന്ദ്രൻ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റോഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് 2001-2004 കാലയളവിൽ എത്രകോടി രൂപയുടെ വികസനമാണ് ലക്ഷ്യമിടുന്നത്;

(ബി) ഇതുവരെ എന്തു തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) ഈ വർഷം റോഡ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന വികസനപ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ റോഡ് ഫണ്ടിൽ എന്തു തുക മിച്ചമുണ്ട്; ഇതുവരെ റോഡ് ഫണ്ടിൽ ലഭിച്ച തുക എത്ര; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലോകബാങ്ക് പദ്ധതിയുടെ നടത്തിപ്പിനായി റോഡ് ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എന്ന് വിശദമാക്കുമോ ?

**ഉത്തരം:**
**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) കേരളാമോട്ടോർ വെഹിക്കിൾ ടാക്സ് പിരിവിന്റെ 10 %, കേന്ദ്ര റോഡ് ഫണ്ട് വിഹിതം, ബ്രിഡ്ജസ് ഫണ്ട് വിഹിതം തുടങ്ങിയ ഇനങ്ങളിൽ റോഡ് ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തുക ഉപയോഗിച്ച് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് റോഡ് ഫണ്ട് ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ ഇനങ്ങളിലെ വിഹിതങ്ങൾ ഫണ്ടലേയ്ക്ക് വകയിരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിവിധ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ഫണ്ടിൽ നിന്ന് ഇതുവരെ 3,425 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ഏറ്റെടുക്കുന്നതിനുള്ള തയ്യാറെടുപ്പ് പൂർത്തീകരിച്ചുവരുകയാണ്.

(ഡി) സർക്കാരിൽ നിന്ന് 3.565 കോടി രൂപ ലഭിച്ചതിൽ 14 ലക്ഷം രൂപ ഇപ്പോൾ ബാക്കിയുണ്ട്.

(ഇ) ലോകബാങ്ക് പദ്ധതി നടത്തിപ്പിനായി റോഡ് ഫണ്ട് ഉപയോഗിച്ചിട്ടില്ല.

സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

512. ശ്രീ. പി.സി. ജോർജ്
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ.പി. ജയരാജൻ
ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും ഈ വർഷം 50% സീറ്റിൽ മെരിറ്റ് ക്വോട്ടയിൽ പ്രവേശനം നൽകുന്നതിന് സമ്മതിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുകളാണ് അതിന് തയ്യാറാകാത്തത്;

(സി) ഈ മെഡിക്കൽ കോളേജുകളിൽ എത്ര ശതമാനം സീറ്റുകളിലാണ് മെറിറ്റ് ലിസ്റ്റിൽനിന്ന് പ്രവേശനം നൽകുന്നതിന് അലോട്ട്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ഈ വർഷം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റുകൾക്ക് വീതമാണ് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അംഗികാരം നൽകിയിട്ടുള്ളത്;

(ഇ) ഓരോ മെഡിക്കൽകോളേജുകളിലും എത്ര സീറ്റുകളിലേക്കാണ് അലോട്ട്മെന്റ് പൂർത്തിയായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) തിരുവല്ല പുഷ്പഗിരി, കോലഞ്ചേരി മെഡിക്കൽ മിഷൻ കോളേജുകൾ

(സി) സീറ്റ് അലോട്ട്മെന്റ് നടത്തിയിട്ടില്ല എന്നാൽ നിലവിലുള്ള പ്രശ്നങ്ങളിൽ തീരുമാനമാകുന്നമുറയ്ക്കും സർക്കാർ ഉത്തരവ് പ്രകാരവും അഡ്മിഷൻ നൽകുന്നതിനായി കുട്ടികളിൽ നിന്നും ഓപ്ഷൻ വാങ്ങിയിട്ടുണ്ട്.

(ഡി) സർക്കാർ മേഖലയിൽ തിരുവനന്തപുരം കോഴിക്കോട് മെഡിക്കൽകോളേജുകളിൽ 200 സീറ്റുകൾ വീതവും കോട്ടയം തൃശൂർ ആലപ്പുഴ മെഡിക്കൽകോളേജുകളിൽ 100 സീറ്റുകള വീതവുമാണ് ഇപ്പോൾ അംഗികാരം നേടിയിട്ടുള്ളത്. പരിയാരം അക്കാഡമി ഓഫ് മെഡിക്കൽ സയൻസിൽ 100 സീറ്റുകൾക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. സ്വാശ്രയ മേഖലയിലുള്ള മറ്റ് മെഡിക്കൽ കോളേജുകൾക്കൊന്നും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ തുടർ അനുമതി ലഭിച്ചിട്ടില്ല.

(ഇ) അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടില്ല.

## <u>സ്വാശ്രയ മെഡിക്കൽ കേളേജുകളിലെ പ്രവേശനത്തിന് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി</u>

513. ശ്രീ. തോമസ് ചാഴികാടൻ
ശ്രീ കെ. നാരായണക്കുറുപ്പ്
ശ്രീ റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽകോളേജുകളിലെ പ്രവേശനത്തിന് സാമുദായിക സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവേശനത്തിന് ഫീസാനുകൂല്യം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇടത്തരം വരുമാനക്കാർക്കുംകൂടി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം സാദ്ധ്യമാക്കുന്നതിന് ഫീസാനുകൂല്യം നൽകുന്നതിനുള്ള വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) സ്വാശ്രയ മെഡിക്കൽകോളേജുകളിലെ 50% സർക്കാർ സീറ്റുകളിലെയ്ക്കുള്ള അലോട്ട്മെന്റിൽ സംവരണതത്വം പാലിക്കേണ്ടതുണ്ട്.

(ബി) സ്വാശ്രയ മെഡിക്കൽകോളേജുകളിൽ ഈ വർഷത്തെ പ്രവേശനത്തിന് ഫീസാനുകൂല്യം നൽകുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

(സി) ഫീസാനുകൂല്യം നൽകുന്നതിന് വരുമാന പരിധി നിശ്ചയിക്കുന്ന കാര്യത്തിൻമേൽ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല.

## <u>എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ</u>

514. ശ്രീ. വി.ഡി സതീശൻ
ശ്രീ വി.ബാലറാം
ശ്രീ എ.പി. അനിൽകുമാർ
ശ്രീ ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ഗവൺമെന്റിൽ നിന്നും ഭവന നിർമ്മാണ വായ്പ അനുവദിച്ചപ്പോൾ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഈ ആനുകൂല്യം നൽകിയിരുന്നുവോ;

(ബി) ഇപ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് ബാങ്ക് വഴി ഭവന നിർമ്മാണ വായ്പ നൽകുമ്പോൾ ഈ ആനുകൂല്യം എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ലഭിക്കാൻ അർഹതയുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ബാങ്ക് വഴിയുള്ള ഭവന നിർമ്മാണവായ്പ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഇതിനകം ലഭിച്ചിട്ടുള്ള ഇത്തരം ജീവനക്കാരുടെ അപേക്ഷ ഡി.പി.ഐ. ആഫീസിൽ നിന്നും തിരിച്ചയക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഈ പദ്ധതി എയ്ഡഡ് സ്കുളുകളിൽ നടപ്പാക്കിയിട്ടില്ല.
(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ കിട്ടിയിട്ടുള്ള എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അപേക്ഷകൾ തിരിച്ചയിച്ചിട്ടുണ്ട്.

**അവശ വിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് വായ്പ**

515. ശ്രീ. ജോണി നെല്ലൂർ
ശ്രീ. എ.എൻ. രാജൻ ബാബു
ശ്രീ. ഷിബു ബേബി ജോൺ
ശ്രീ. കെ. കെ. ഷാജു
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അവശവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;
(ബി) ഈ വിഭാഗങ്ങൾക്ക് വസ്തു പണയം വയ്ക്കാതെ തന്നെ വീടു നിർമ്മാണത്തിന് വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ;
(സി) ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം ആവശ്യമായി വരുമെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ.കെ.എം.മാണി (റവന്യുവും നിയമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ഭൂരഹിതരും ഭവന രഹിതരുമായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിനായി ഒരു പുതിയ വായ്പാ പദ്ധതി നടപ്പിലാക്കാൻ ഭവന നിർമ്മാണബോർഡ് ഉദ്ദേശിക്കുന്നു.
(ബി) ഭവന നിർമ്മാണ ബോർഡ് ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വരൂപിച്ചാണ് വായ്പാവിതരണം നടത്തുന്നത്. അതിനാൽ ആവശ്യമായ ഈടിൻമേൽ മാത്രമേ ബോർഡ്ിന് വായ്ക്പ അനുവദിയ്ക്കുവാൻ നിർവ്വാഹമുള്ളു.
(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ**

516.ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി.ടി.അഹമ്മദ് അലി :
ശ്രീ .ടി.പി.എം. സാഹിർ :
ശ്രീ. മോയിൻകുട്ടി :
ശ്രീ. പി.കെ.കെ.ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:
(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നിലവിലുണ്ടോ ;
(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഗ്രൂപ്പുകളിലാണെന്നും പ്രസ്തുത ഓരോ ഗ്രൂപ്പിലും അടങ്ങിയ വിഷയങ്ങൾ ഏതാണെന്നും വ്യക്തമാക്കുമോ ;
(സി) കോമേഴ്സ് വിഷയം പ്രൈവറ്റായി പഠിക്കാൻ സൗകര്യമുണ്ടോ ;
(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ.നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**
(എ) ഉണ്ട്.
(ബി) ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിലവിലുണ്ട്. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ എ മുതൽ എച്ച് വരെ എട്ട് വ്യത്യസ്ത കോംപിനേഷനുകളിലേക്കും കോമേഴ്സ് ഗ്രൂപ്പിൽ ഐ,ജെ,കെ എന്നീ മൂന്ന് കോംപിനേഷനുകളിലേക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ കോംപിനേഷനുകളിലേക്കും ഉള്ള വിഷയങ്ങൾ താഴെ പറയുന്നവയാണ് :

**ഹ്യൂമാനിറ്റീസ്**

ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി.

ബി. ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി.

സി. ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്.

ഡി. ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം (സാഹിത്യം) , സംസ്കൃതം (ശാസ്ത്രം).

ഇ. ഇസ്ലാമിക് ഹിസ്റ്ററി ആന്റ് കൾച്ചർ, , ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി.

എഫ്. ഹിസ്റ്ററി, ഫിലോസഫി, സംസ്കൃതം (സാഹിത്യം) , സംസ്കൃതം (ശാസ്ത്രം).

ജി. ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ആന്ത്രോപ്പോളജി.

എച്ച്. ഇസ്ലാമിക് ഹിസ്റ്ററി ആന്റ് കൾച്ചർ, , ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, അറബിക്.

**കോമേഴ്സ്**

ഐ. ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്.

ജെ. ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്.

കെ. ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിക്സ്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**പൊതുജനങ്ങലുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി**

517 ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനും ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലകളിലെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യാൻ ജില്ലാകളക്ടർമാർക്ക് ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ അവലോകനയോഗത്തിൽ വിവിധ വകുപ്പുകളെ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ അടിയന്തിരമായി പരിഹരിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) പൊതുജനങ്ങളിൽനിന്നുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്..

**വെള്ളപ്പൊക്ക, വരൾച്ചാ ദുരിതാശ്വാസ പദ്ധതിത്തുകയുടെ വിനിയോഗം**

518. ശ്രീ. മോയിൻകുട്ടി :

ശ്രീ. സി.ടി.അഹമ്മദ് അലി :

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :

ശ്രീ .ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ച ദുരിതാശ്വാസം എന്നീ പദ്ധതികൾക്കുള്ള തുക വിനിയോഗിക്കന്ന രീതി എങ്ങനെയാണെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇത്തരം തുകകൾ വിനിയോഗിക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ;

(സി)ഇത്തരം പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ആരാണ് ;

(ഡി) ചില ബ്ലോക്കുകളിൽ ബി.ഡി.ഒ മാർ ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളിൽ ഇത്തരം പ്രവർത്തികളുടെഭരണാനുമതിയും സാങ്കേതികാനുമതിയും സമർപ്പിക്കുന്നത് ശ്രദ്ധയില്പ്പെട്ടിട്ടുണ്ടോ ച ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്കുകളിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിലുള്ള വരൾച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ?

**ഉത്തരം**

**ശ്രീ.കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ) സർക്കാർ ഉത്തരവിൻ പ്രകാരം ഭരണാനുമതിയും, തുകയും അനുവദിച്ച് നൽകപ്പെടുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ്സ് ഇംപ്ലിമെൻറിംഗ് ഓഫീസർമാരിൽ നിന്ന് സ്വീകരിച്ച ശേഷം ഈ പണികൾ അടിയന്തിരമായി നടപ്പാക്കുന്നതിലേക്കായി ഇംപ്ലിമെൻറ് ഓഫീസർമാരെ കളക്ടർ ചുമതലപ്പെടുത്തുകയും പണി പൂർത്തീകരിച്ച ശേഷം ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും പണി തൃപ്തികരമെങ്കിൽ നടപ്പിലാക്കിയ കൺവീനർമാരുടെ പേരിൽ തുക അനുവദിക്കുകയും ചെയ്യുന്നു. വരൾച്ചാ ദുരിതാശ്വാസങ്ങൾക്കുള്ള പ്രവൃത്തികൾ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ഭരണാനുമതി ലഭിച്ച ശേഷം പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി തൃപ്തികരമെന്ന് തോന്നുന്ന പക്ഷം ഫൈനൽ പേയ്മെന്റ് നൽകുകയും ചെയ്യുന്നു.

(ബി) കാലാകാലങ്ങളിൽ പുറപ്പെടുവിച്ച സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം പ്രവൃത്തികളുടെ തുകകൾ അനുവദിക്കുന്നത്. ദുരിതാശ്വാസ നടപടികൾ അടിയന്തിര പ്രാധാന്യമർഹിക്കുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് തുകകൾ അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഈ നിർദ്ദേശങ്ങളുടെ കോപ്പി ഇതോടൊപ്പം സമർപ്പിക്കുന്നു.

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. ജില്ലാകലക്ടർ, പണി നടപ്പിലാക്കേണ്ട ഇംപ്ലിമെന്റിംഗ് ഓഫീസറെ നിശ്ചയിച്ചിട്ട് ടി പണി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് ഇത്തരം പണികൾക്ക് സാങ്കേതികാനുമതി നൽകുന്നത്.

(ഡി) ഇല്ല.

(എഫ്) ബാധകമല്ല.

(എഫ്) നിയന്ത്രണങ്ങൾ യാതൊന്നും തന്നെ നിലവിലില്ല. എന്നാൽ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ പുനരുദ്ധാരണ പണികൾ മാത്രമേ നടപ്പിലാക്കാവൂ എന്ന കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

## വില്ലേജാഫീസുകളുടെ പ്രവർത്തനം

519 ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്കുവേണ്ടി സ്വീകരിക്കുവാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) വില്ലേജ് ഓഫീസുകളുടെ കംപ്യൂട്ടറൈസേഷൻ, റെക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുക, വില്ലേജ്തല ജീവനക്കാർക്ക് കംപ്യൂട്ടർ പരിശീലനം നൽകുക, എന്നീ കാര്യങ്ങൾ വില്ലേജ് തല ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതി

520. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് ഏതൊക്കെ ഭവനനിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം കേരളത്തിന് അനുവദിച്ച 730.48 ലക്ഷം രൂപ ചെലവഴിക്കാതെ പാഴായിപ്പോയിട്ടുണ്ടോ ;

(സി)ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി വക മാറ്റി ചെലവാക്കിയിട്ടുണ്ടോ ;

(ഇ) കേന്ദ്ര സർക്കാർ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് സംസ്ഥാനത്തിന് അനുവദിക്കുന്ന തുക യഥാസമയം ഉപയോഗിക്കുന്നതിനായി ഗവണ്മെൻറ് സത്വര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യവും നിയമവും വകുപ്പുമന്ത്രി)**

(എ) കേന്ദ്ര സർക്കാരിന്റെ സാംപത്തിക സഹായത്തോടെ താഴെ പറയുന്ന പദ്ധതികളാണ് വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നത്.

| ഏജൻസി | പദ്ധതി |
|---|---|
| ഭവന നിർമ്മാണ ബോർഡ് | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ , കോട്ടയം, തൊടുപുഴ, കാക്കനാട് |

മൊത്തം ചെലവിന്റെ 75% കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായിട്ടാണ് ലഭിക്കുന്നത്. 25% ബോർഡിന്റെ വിഹിതമാണ്.

| | |
|---|---|
| ഫിഷറീസ് ഡയറക്ടറേറ്റ് | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി (50% കേന്ദ്ര സഹായം ഭവന നിർമ്മാണ പദ്ധതി ) |
| ഗ്രാമ വികസന കമ്മീഷണറേറ്റ് | ഇന്ദിരാ ആവാസ് യോജന 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| കുടുംബശ്രീ. | വാത്മീകി അംബേദ്കർ ആവാസ് യോജന . 40, 000 രൂപ ചെലവു വരുന്ന ഭവനത്തിന്റെ 50% കേന്ദ്ര സഹായവും, 50% സംസ്ഥാന സർക്കാർ സഹായവുമാണ്. |
| ഇവശലള ജ്ിഴശിലലൃ (ജണഉ) | കിളൃമ്യെൌരൗേൃമഹ എമരശഹശശേലെ ീള ഖൗറശരശമ്യൃ എന്ന 50% കേന്ദ്ര സഹായമുള്ള പദ്ധതി 1993-94 മുതൽ നടപ്പാക്കി വരുന്നു. |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(സി) (ബി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.
(ഡി) ഇല്ല.
(ഇ) സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ചലച്ചിത്ര നിർമ്മാണം വികസിപ്പിക്കുന്നതിന് നടപടികൾ

521. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫോർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചലച്ചിത്ര നിർമ്മാണത്തിന് സഹായകരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചലച്ചിത്ര നിർമ്മാണത്തിനായി അനുവാദം നൽകിയിരുന്ന സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഷൂട്ടിംഗിന് അനുമതി നൽകാത്തതിന്റ കാരണം വിശദമാക്കുമോ ;

(സി) അപ്രകാരം അനുമതി നൽകാത്ത സ്ഥാപനങ്ങളിൽ ഷൂട്ടിംഗിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ അനുമതി കിട്ടുന്നതിനുള്ള ബുദ്ധിമുട്ടു കാരണം ചലച്ചിത്ര നിർമ്മാണ പ്രവർത്തനങ്ങൾ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ.എം.എം.ഹസ്സൻ ( ഇൻഫോർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ) :**

(എ) ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും നിർവഹിക്കുവാനുള്ള സൗകര്യം കേരള ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ സൗകര്യാർത്ഥം 1999 മുതൽ ക്രെഡിറ്റ് കാർഡ് സംപ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 5 ലക്ഷത്തിന്റെയും 10 ലക്ഷത്തിന്റെയും ബാങ്ക് ഗാരണ്ടിയുടെ കൂടെ രണ്ട് ലക്ഷം രൂപയും അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 10 ലക്ഷം രൂപ വരേയും 20 ലക്ഷം രൂപ വരേയും ഉള്ള ക്രെഡിറ്റ് സൗകര്യങ്ങൾ ഇതനുസരിച്ച് നൽകി വരുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് 4 ലക്ഷം സബ്സിഡിയും നൽകിവരുന്നു. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കോമേഴ്സ്യൽ ചിത്രങ്ങൾക്ക് കേരള ചലച്ചിത്രവികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 15 ലക്ഷം രൂപ വരെ ക്രെഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി , കേരള സംസ്ഥാന ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനും, നാഷണൽ ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ച് മലയാള ചലച്ചിത്ര നിർമ്മാണത്തിന് വായ്പാസൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആൻറ് (സി) ആന്റ് (ഡി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ എന്ത് കാരണത്താലാണ് ബന്ധപ്പെട്ട വകുപ്പ് അധികൃതർ ഷൂട്ടിംഗിന് അനുമതി നൽകാത്തതെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

## ലീഗൽ സർവീസസ് അതോറിറ്റി

522. ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പാവപ്പെട്ടവരും നിയമകാര്യങ്ങളിൽ നിരക്ഷരരും നിയമസഹായം ആവശ്യമുള്ളവരുമായവർക്ക് മതിയായ സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ലീഗൽ സർവീസസ് അതോറിറ്റിയുടെ ഏതെല്ലാം തലങ്ങലിലുള്ള ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ;

(ഡി) ജില്ലാ താലൂക്കു തല ലീഗൽ സർവീസസ് അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഇ) ഓരോ ഓഫീസിലും മതിയായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(എഫ്) ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) കോടതിയിൽ നിലവിലുള്ള കേസ്സുകളും കോടതിയിൽ എത്തിയിട്ടില്ലാത്ത തർക്കങ്ങളും പരിഹരിക്കുന്നതിനു വേണ്ടി ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ലോക അദാലത്തുകൾ സംഘടിപ്പിക്കുക, വാർഷിക വരുമാനം 25,000/- രൂപയിൽ താഴെയുള്ള എല്ലാവർക്കും കൂടാതെ വരുമാന പരിധിയില്ലാതെ സ്ത്രീകൾക്കും കുട്ടികൾക്കും വ്യവസായത്തൊഴിലാളികൾക്കും നിയമപ്രകാരം അർഹതയുള്ള മറ്റാളുകൾക്കും സൗജന്യ നിയമസഹായം അനുവദിക്കുക, നിയമസാക്ഷരത ക്ലാസ്സുകൾ നടത്തുക, ലീഗൽ എയിഡ് ക്ലിനിക്കുകൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) നിയമസഹായം ആവശ്യമുള്ളവരും അതിനർഹതയുള്ളവരുമായ എല്ലാവർക്കും മതിയായ സേവനങ്ങൾ നൽകുന്നതിന് അതോറിറിറ്റിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ തീർത്തും പര്യാപ്തമാണെന്ന് പറയാൻ വയ്യ.

(സി) സംസ്ഥാനതലത്തിലും ഹൈക്കോടതിതലത്തിലും ജില്ലാതലത്തിലും താലൂക്ക്തലത്തിലും ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഉണ്ട്. എന്നാൽ കാലാവധി കഴിഞ്ഞ അംഗങ്ങൾക്കു പകരം പുതിയ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) ഓരോ ഓഫീസിലും ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല. കോടതി ജീവനക്കാർക്ക് അധികചുമതല നൽകി അവരെക്കൊണ്ട് ഇപ്പോൾ ജോലികൾ ചെയ്യിച്ചുവരുന്നു.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ലീഗൽ സർവീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## താലൂക്ക് ലാന്റ് ബോർഡുകളുടെ പുനഃസംഘടന

523 ശ്രീ അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ :

(ബി) ഇത്തരത്തിൽ പുനഃസംഘടിപ്പിക്കപ്പെടുന്ന ലാന്റ് ബോർഡുകളുടെ ഘടന ഏത് രൂപത്തിലാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) 2002 ഏപ്രിൽ 4-ാം തിയതിയിലെ ജി.ഒ.(എം.എസ്.) 74/2002/റവന്യു എന്ന ഉത്തരവ് പ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുനഃസംഘടിപ്പിക്കപ്പെട്ട താലൂക്ക് ലാന്റ്ബോർഡുകളിൽ അനൗദ്യോഗിക അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വീണ്ടും പുനഃസംഘടിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 100 എ വകുപ്പനുസരിച്ചാണ് ലാന്റ് ബോർഡുകൾ സംവിധാനം ചെയ്തിട്ടുള്ളത്. ഇപ്രകാരം സംഘടിക്കപ്പെടുന്ന ഒരു താലൂക്ക് ലാന്റ് ബോർഡിൽ ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ഒരാൾ ചെയ.ർമാനും, പ്രാദേശിക തഹസിൽദാർ ഔദ്യോഗിക അംഗവും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറിൽ കൂടാത്ത അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ കാലാവധി 3 വർഷമാണ്.